പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **4728** **05. 02. 2014** - ലെ മറുപടി

<u>പ്രവാസി മലയാളി സെൻസസ് 2 0 1 3</u>

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) പ്രവാസി മലയാളി സെൻസസ് 2013 എന്ന പേരിൽ സർവ്വെ നടത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത സർവ്വെ എന്തിനുവേണ്ടിയായിരുന്നുവെന്നും സർവ്വെയെ തുടർന്ന് കണ്ടെത്തിയ വിവരങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ; | (ബി) വിദേശരാജ്യങ്ങളിൽ താമസിക്കുന്നവരായ മലയാളികളുടെ, പ്രത്യേകിച്ചും വിദേശ രാജ്യങ്ങളിൽ തൊഴിൽ ചെയ്തു ജീവിക്കുന്ന മലയാളികളുടെ സമഗ്രമായ കണക്കെടുക്കുക എന്നതാണ് വിദേശമലയാളികളുടെ സെൻസസ് കൊണ്ട് ഉദ്ദേശിക്കുന്നത്. വിദേശ രാജ്യങ്ങളിൽ കേരളത്തിൽ നിന്നും ജോലി തേടി പോയിട്ടുള്ള അംഗമുള്ള കുടുംബങ്ങളുടെ എണ്ണം, വിദേശത്തുള്ള ആകെ പ്രവാസികളുടെ എണ്ണം, ജോലിയുള്ള പ്രവാസികളുടെ എണ്ണം, ജോലി ചെയ്യുന്ന രാജ്യം, പ്രായം, സ്ത്രീ പുരുഷ അനുപാതം, തൊഴിൽ, താമസിച്ച കാലയളവ് തുടങ്ങിയ വിവരങ്ങളാണ് പ്രധാനമായും ശേഖരിച്ചത്.<br><br>സർവ്വെയിൽ നിന്നും കേരളത്തിലെ പ്രവാസികളുള്ള ആകെ വീടുകളുടെ എണ്ണം 11,61,306 എന്നും വിദേശത്ത് ആകെയുള്ള 16,25,653 പ്രവാസി മലയാളികളിൽ 14,26,853 പേർ വിവിധ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവരാണെന്നും കണ്ടെത്തിയിട്ടുണ്ട്. ജില്ലാതല കണക്കുകൾ ഉൾപ്പെടുത്തിയ |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

വിശദമായ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പിന്റെ വെബ്സൈറ്റായ www.ecostatkerala.gov.in ൽ ലഭ്യമാണ്. സർവ്വേ റിപ്പോർട്ടിന്റെ ഒരു പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.

| | |
|---|---|
| (സി) പ്രവാസി മലയാളികളെ സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ശേഖരിക്കാതെയാണ് സർവ്വെ നടത്തിയതെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ഡി) എങ്കിൽ പ്രസ്തുത പരാതി പരിഹരിച്ചുകൊണ്ട് ഈ സർവ്വെയിലൂടെ പ്രവാസി മലയാളികളെക്കുറിച്ചുള്ള പൂർണ്ണ വിവരങ്ങൾ ശേഖരിക്കുവാൻ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ? | (സി & ഡി) ഇത്തരത്തിലൊരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്